# PROOFS FROM THE HOLY QURAN

## SOME VERSES FROM THE HOLY QURAN FOR TABLIGH PURPOSE

### വിശുദ്ധ ഖുർ ആനിൽ നിന്നുള്ള  തെളിവുകൾ

### പ്രബോധനാവശ്യങ്ങൾക്കായി വിശുദ്ധ ഖുർആനിൽ നിന്നുള്ള തെളിവുകൾ ചിലവചനങ്ങൾ



**മുനീർ അഹ്മദ് അസീം**

**ഹസ്രത്ത് അമീറുൽ മുഅ്മിനീൻ, മുഹ്‌യിദ്ദീൻ**

**അൽഖലീഫത്തുല്ലാഹ്**

**-ജമാഅത്തുസ്സഹീഹിൽ ഇസ്ലാം-**


പരിഭാഷകൻ

ആർ.ജമാലുദ്ദീൻ റാവുത്തർ
അമീർ
ജമാ അത്തുസ്സഹീഹിൽ ഇസ്ലാം
കേരള.

Translated By

R.Jamaludin Raother
Amir,
Jamaat-ul-sahih Al-Islam, Kerala
(Reg:No:A.693/2010)
Phone:9447001832/ 0475 2252530
Email: jamal.raother@gmail.com

## പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## പരിഭാഷക കുറിപ്പ്

സർവ്വസ്തുതിയും അല്ലാഹുവിന് മാത്രം. ഹിജ്റ 15-ാം നൂറ്റാിൽ മുഹമ്മദ് മുസ്തഫാ (സ:അ)യുടെ സേവനത്തിനായി അല്ലാഹു നിയോഗിച്ച ദൈവദൂതൻ മുനീർ അഹ്മദ് അസീം (അയ്യദഹുല്ലാഹു ബിനസ്രിഹിൽ അസീസ്) രചിച്ച "വിശുദ്ധ ഖുർആനിൽ നിന്നുള്ള തെളിവുകൾ" Proofs from the Holy Quran എന്ന പുസ്തകത്തിന്റെ മലയാള പരിഭാഷയാണ് നിങ്ങളുടെ കൈകളിലിരിക്കുന്നത്.

വിശുദ്ധ ഖുർആനിലെ തെളിവുകൾ നിരത്തി രുകാര്യങ്ങൾ അദ്ദേഹം ലോകസമക്ഷം സമർപ്പിക്കുന്നു. (1) ഹസ്രത്ത് ഈസ (അ) മരണപ്പെട്ടുപോയി എന്നും ഇനി ഈ ഭൗതിക ലോകത്തിലേക്ക് ഒരു മടങ്ങിവരവില്ലാ എന്നുമുള്ള യഥാർത്ഥ്യം. (2) വിശുദ്ധ ഖുർആന്റെ അദ്ധ്യാപന സംരക്ഷണത്തിനായി അല്ലാഹു (ത) ഖിയാമത്തുള്ളനാൾവരേയും ദൂതന്മാരെ അയച്ചുകൊിരിക്കും എന്ന വിസ്മൃതസത്യം.

മാനവരാശിയെ സത്യപാതയിൽ ആനയിപ്പിക്കുവാൻ പ്രപഞ്ചകർത്താവ് നിയോഗിച്ച ഇക്കാലത്തെ ഈ ദൈവീക മനുഷ്യനെ തിരിച്ചറിയുവാനും, സത്യപാത പിന്തുടരുവാനും സർവ്വലോക പരിപാലകൻ സഹായിക്കട്ടെ.

സാക്ഷര കേളത്തിന്റെ തിരുമുറ്റത്ത് ഒരു പ്രകാശകൈത്തിരികൂടി

**പരിഭാഷകൻ**

മാത്ര

11-2-2011

# ആമുഖം

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുസ്ലിഹ് മൗഊദ് ദിനമായ ഇന്ന്, മർയമിന്റെ മകനായ യേശു ക്രിസ്തുവിന്റെ യഥാർത്ഥ മരണത്തെ പറ്റിയുള്ള സത്യം, ഒരു ചെറുപുസ്തക രൂപത്തിൽ ലോകമെമ്പാടുമുള്ള എല്ലാ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾക്കും മറ്റ് സഹോദരീ സഹോദരന്മാർക്കും മുമ്പാകെ സമർപ്പിക്കുവാൻ എനിക്കതിയായ സന്തോഷമുണ്ട്. ഈ തെളിവുകൾ വിശുദ്ധ ഖുർആനിൽ നിന്നുമാത്രം എടുത്തിട്ടുള്ളതാണ് എന്ന പ്രത്യേകതയും ഇതിനുണ്ട്. ഈസബ്നു മർയമിന്റെമരണത്തെ പ്പറ്റി ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾക്ക് മറ്റ് ജനങ്ങളെ നല്ലനിലയിൽ വിശദീകരിച്ച് കൊടുക്കുവാൻ ഈ ചെറുകൃതി സഹായമായി തീരുന്നതാണ്. അതുപോലെ അദ്ദേഹത്തിന്റെ ഭൗതിക ശരീരത്തോടെയുള്ള തിരിച്ചുവരവ് ഈ ഭൂമിയിൽ അസാദ്ധ്യമാണ് എന്ന വസ്തുതയും. മാത്രമല്ല ഈ ചെറുകൃതി –വിശുദ്ധ ഖുർ ആനിലെ കുറെയധികം വചനങ്ങളുടെ അവതരണവുമാണ്. അന്ത്യനാൾവരെ പ്രവാചകന്മാർക്ക് വരാവുന്നതും വന്നുകൊണ്ടിരിക്കുന്നതുമാണ് എന്നതിനുള്ള തെളിവുകളും ലഭ്യമാക്കിയിട്ടുണ്ട്. അല്ലാഹു അനുഗ്രഹിച്ചാൽ ഖുർആനിലെ മറ്റു വചനങ്ങളും, പ്രവാചക വചനങ്ങളും നിങ്ങളുടെ സവിശേഷമായ ശ്രദ്ധയിലേക്ക് തുടർന്നുള്ള പുസ്തകങ്ങളിലൂടെ കൊണ്ടുവരുന്നതാണ്.

ഓരോ സത്യാന്വേഷിയുടെയും കണ്ണും, മനസ്സും, ഹൃദയവും അല്ലാഹു തുറക്കുമാറാകട്ടെ. അല്ലയോ നാഥാ! നീ എനിക്ക് അറിവ് വർദ്ധിപ്പിച്ചുതരേണമേ! ആമീൻ പ്രാർത്ഥന സ്വീകരിച്ചാലും

**മുനീർ അഹ്മദ് അസീം**
**ഹസ്രത്ത് അമീറുൽ മുഅമിനീൻ, മുഹ്യിദ്ദീൻ**
**അൽഖലീഫത്തുല്ലാഹ്**

***ജമാഅത്തുസ്സഹീഹിൽ ഇസ്ലാം***
***2009 ഫെബ്രുവരി 20 1430 സഫർ 24 (എ.എച്ച്.)***

## ഈസാ (അ) മരണപ്പെട്ടു

وَمَا مُحَمَّدٌ إِلَّا رَسُولٌ قَدْ خَلَتْ مِن قَبْلِهِ ٱلرُّسُلُ ۚ
أَفَإِين مَّاتَ أَوْ قُتِلَ ٱنقَلَبْتُمْ عَلَىٰٓ أَعْقَـٰبِكُمْ ۚ وَمَن يَنقَلِبْ عَلَىٰ عَقِبَيْهِ
فَلَن يَضُرَّ ٱللَّهَ شَيْـًٔا ۗ وَسَيَجْزِى ٱللَّهُ ٱلشَّـٰكِرِينَ ﴿١٤٤﴾

മുഹമ്മദ് ഒരു (ദൈവ) ദൂതൻ മാത്രമാണ്. അദ്ദേഹത്തിന് മുമ്പുായിരുന്ന എല്ലാ ദൈവദൂതന്മാരും കാലഗതി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ, കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിൻമേൽ പിന്തിരിഞ്ഞു പോവുകയോ? ഏതൊരാൾ തന്റെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞു പോകുമോ അയാൾ അല്ലാഹുവിന് ഒരിക്കലും ഒരു ദോഷവും വരുത്തുകയില്ല. നന്ദികാണിക്കുന്നവർക്ക് അല്ലാഹു തീർച്ചയായും പ്രതിഫലം നല്കുന്നതാണ്. (3:145)

مَّا ٱلْمَسِيحُ ٱبْنُ مَرْيَمَ إِلَّا رَسُولٌ قَدْ خَلَتْ
مِن قَبْلِهِ ٱلرُّسُلُ وَأُمُّهُۥ صِدِّيقَةٌ ۖ كَانَا يَأْكُلَانِ ٱلطَّعَامَ ۗ ٱنظُرْ كَيْفَ نُبَيِّنُ
لَهُمُ ٱلْـَٔايَـٰتِ ثُمَّ ٱنظُرْ أَنَّىٰ يُؤْفَكُونَ ﴿٧٥﴾

മസീഹ് ബ്നുമർയം ഒരു ദൈവദൂതൻ മാത്രമാണ്. (അദ്ദേഹത്തെപ്പോലുള്ള) ദൈവദൂതന്മാർ അദ്ദേഹത്തിന് മുമ്പ് കാലഗതി പ്രാപിച്ച് കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ മാതാവ് മഹാ സത്യവതിയാണ്. അവർ രുപേരും ആഹാരം കഴിക്കാറുായിരുന്നു. നോക്കുക അവരുടെ നന്മയ്ക്കുവേി എങ്ങനെയാണ് നാം തെളിവുകൾ വിവരിച്ചുകൊടുക്കുന്നത്. എന്നിട്ടും അവർ എങ്ങനെയാണ് പിന്തിരിഞ്ഞു പൊയ്ക്കളയുന്നതെന്നും നോക്കുക (5: 76)

وَإِذْ قَالَ ٱللَّهُ يَـٰعِيسَى ٱبْنَ مَرْيَمَ ءَأَنتَ قُلْتَ لِلنَّاسِ ٱتَّخِذُونِى وَأُمِّىَ
إِلَـٰهَيْنِ مِن دُونِ ٱللَّهِ ۖ قَالَ سُبْحَـٰنَكَ مَا يَكُونُ لِىٓ أَنْ أَقُولَ مَا لَيْسَ لِى
بِحَقٍّ ۚ إِن كُنتُ قُلْتُهُۥ فَقَدْ عَلِمْتَهُۥ ۚ تَعْلَمُ مَا فِى نَفْسِى وَلَآ أَعْلَمُ مَا فِى
نَفْسِكَ ۚ إِنَّكَ أَنتَ عَلَّـٰمُ ٱلْغُيُوبِ ﴿١١٦﴾

അല്ലാഹു പറയുന്ന അവസരം ഓ മർയമിന്റെ മകൻ ഈസ “എന്നെയും എന്റെ മതാവിനേയും അല്ലാഹുവിനെ കൂടാതെ ര് ദൈവങ്ങളായി സ്വീകരിക്കുക” എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും, നീ പരിശുദ്ധനാണ് എനിക്ക് അവകാശമില്ലാത്ത ഒരു കാര്യം പറയുക എന്നത് എനിക്ക് ചേർന്നതല്ല. ഞാൻ അങ്ങനെ പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീ അത് അറിഞ്ഞിരിക്കും. എന്നിലുള്ളത് നീ അറിയുന്നു. (9:98) നിന്നിലുള്ളത് ഞാൻ അറിയുന്നില്ല. തീർച്ചയായും നീ പരോക്ഷ കാര്യം നല്ലവണ്ണം അറിവുള്ളവനാകുന്നു. (5:117)

مَا قُلْتُ لَهُمْ إِلَّا مَآ أَمَرْتَنِى بِهِۦٓ أَنِ ٱعْبُدُوا۟ ٱللَّهَ رَبِّى وَرَبَّكُمْ ۚ وَكُنتُ
عَلَيْهِمْ شَهِيدًا مَّا دُمْتُ فِيهِمْ ۖ فَلَمَّا تَوَفَّيْتَنِى كُنتَ أَنتَ ٱلرَّقِيبَ عَلَيْهِمْ ۚ
وَأَنتَ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿١١٧﴾

നീ എന്നോട് അജ്ഞാപിച്ചതെന്തോ അതല്ലാതെ (വേറെയാതൊന്നും )ഞാൻ അവരോട് പറഞ്ഞിട്ടില്ല, അതായത് “എന്റേയും നിങ്ങളുടേയും നാഥനായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുവിൻ എന്ന് ഞാൻ അവരിൽ ഉായിരുന്നടത്തോളം (കാലം) ഞാൻ അവരുടെ മേൽ സാക്ഷിയായിരുന്നു. എന്നാൽ നീ എന്നെ മരിച്ചപ്പോൾ അവരുടെ മേൽ നോട്ടക്കാരൻ നീ തന്നെയായി. നീ എല്ലാകാര്യങ്ങൾക്കും സാക്ഷിയായകുന്നു. (5:118)

وَيَوْمَ نَحْشُرُهُمْ جَمِيعًا ثُمَّ نَقُولُ لِلَّذِينَ أَشْرَكُوا۟ مَكَانَكُمْ أَنتُمْ وَشُرَكَآؤُكُمْ ۚ فَزَيَّلْنَا بَيْنَهُمْ ۖ وَقَالَ شُرَكَآؤُهُم مَّا كُنتُمْ إِيَّانَا تَعْبُدُونَ ﴿٢٨﴾

(ഓർക്കുക) അവർ എല്ലാവരേയും നാം ഒരുമിച്ചു കൂടുന്നനാൾ പിന്നീട് നമുക്ക് പങ്കാളികളെ നിശ്ചയിച്ചവരോട് നാം പറയും (പിന്നോട്ട് മാറി) നിങ്ങളുടെ സ്ഥാനത്തു നില്ക്കുക– നിങ്ങളും നിങ്ങളുടെ കൂട്ടുകാരും എന്നിട്ട് നാം അവരെ തമ്മിൽ വേർതിരിക്കും. അവരുടെ പങ്കാളികൾ പറയും "നിങ്ങൾ ഞങ്ങളെ ആരാധിച്ചു ാ യിരു ന്നില്ല" (10:29)

فَكَفَىٰ بِٱللَّهِ شَهِيدًۢا بَيْنَنَا وَبَيْنَكُمْ إِن كُنَّا عَنْ عِبَادَتِكُمْ لَغَٰفِلِينَ ﴿٢٩﴾

അതിനാൽ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹുമതി. തീർച്ചയായും ഞങ്ങൾ നിങ്ങളുടെ ആരാധനയെക്കുറിച്ച് ഒരറിവുമില്ലാത്തവരായിരുന്നു. (10:30)

وَٱلَّذِينَ يَدْعُونَ مِن دُونِ ٱللَّهِ لَا يَخْلُقُونَ شَيْـًٔا وَهُمْ يُخْلَقُونَ ﴿٢٠﴾

അല്ലാഹുവിന് പുറമേ അവർ ആരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവർ ഒന്നിനേയും സൃഷ്ടിക്കുന്നില്ല. (നേരെമറിച്ച്) അവർ സൃഷ്ടിക്കപ്പെടുന്നു. (16:21)

أَمْوَٰتٌ غَيْرُ أَحْيَآءٍ ۖ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ ﴿٢١﴾

അവർ മരിച്ചവരാകുന്നു, അവർ നിർജീവങ്ങളാകുന്നു. തങ്ങളെപ്പോലെ എഴുന്നേല്പിക്കപ്പെടുമെന്നു അവർ അറിയുന്നില്ല. (16: 22)

وَمَا جَعَلْنَا لِبَشَرٍ مِّن قَبْلِكَ ٱلْخُلْدَ ۖ أَفَإِي۟ن مِّتَّ فَهُمُ ٱلْخَٰلِدُونَ ﴿٣٤﴾

നിനക്ക് മുമ്പ് നാം ഒരു മനുഷ്യനും ചിരകാലായുസ്സ് നല്കിയിട്ടില്ല, എന്നിരിക്കെ നീ മരിച്ചാൽ അവരാണോ ചിരഞ്ജീവികൾ? (21: 35)

كُلُّ نَفْسٍ ذَآئِقَةُ ٱلْمَوْتِ ۗ وَنَبْلُوكُم بِٱلشَّرِّ وَٱلْخَيْرِ فِتْنَةً ۖ وَإِلَيْنَا تُرْجَعُونَ ﴿٣٥﴾

എല്ലാ ഓരോ ആത്മാവും മരണത്തെ രുചിക്കുന്നതാണ്. തിന്മകൊും നന്മകൊും നാം നിങ്ങളെ പരീക്ഷിക്കുന്നു. നമ്മുടെ അടുക്കലേക്ക് തന്നെ നിങ്ങളെ തിരിച്ചുകൊു വരുന്നതാണ്. (21:36)

حَتَّىٰٓ إِذَا جَآءَ أَحَدَهُمُ ٱلْمَوْتُ قَالَ رَبِّ ٱرْجِعُونِ ﴿٩٩﴾

അങ്ങനെ അവരിലൊരാൾക്ക് മരണം വന്നെത്തിയാൽ അയാൾ ആവർത്തിച്ചുപറയും എന്റെ നാഥാ എന്നെ നീ പിന്നോട്ട് മടക്കി അയക്കേണമെ (23:100)

لَعَلِّىٓ أَعْمَلُ صَٰلِحًا فِيمَا تَرَكْتُ ۚ كَلَّآ ۚ إِنَّهَا كَلِمَةٌ هُوَ قَآئِلُهَا ۖ وَمِن وَرَآئِهِم بَرْزَخٌ إِلَىٰ يَوْمِ يُبْعَثُونَ ﴿١٠٠﴾

ഞാൻ വിട്ടുപോകുന്ന ലോകത്ത് (ഭൗതിക ലോകത്ത്) വച്ച് സൽക്കർമ്മങ്ങൾ ചെയ്യാൻ വേി (അല്ലാഹു പറയും) ഒരിക്കലുമില്ല. ഇത് അവൻ പറയുന്ന ഒരു വെറും വാക്കാണ്. അവർ പുനരുത്ഥാനം ചെയ്യപ്പെടുന്നതുവരെ അവരുടെ പിന്നിൽ ഒരു മറയു്. (23: 101)

كُلُّ نَفْسٍ ذَائِقَةُ الْمَوْتِ ۖ ثُمَّ إِلَيْنَا تُرْجَعُونَ ﴿٥٧﴾

ഓരോ ആത്മാവും മരണത്തെ രുചിച്ച് നോക്കുന്നതാണ്. പിന്നീട്, നമ്മുടെയടുക്കലേക്ക് നിങ്ങൾ മടക്കപ്പെടും (29:58)

اللَّهُ يَتَوَفَّى الْأَنفُسَ حِينَ مَوْتِهَا وَالَّتِي لَمْ تَمُتْ فِي مَنَامِهَا ۖ
فَيُمْسِكُ الَّتِي قَضَىٰ عَلَيْهَا الْمَوْتَ وَيُرْسِلُ الْأُخْرَىٰ إِلَىٰ أَجَلٍ مُّسَمًّى ۚ
إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٤٢﴾

അല്ലാഹു മനുഷ്യാത്മാക്കളെ അവരുടെ മരണസമയത്ത് പിടിച്ചെടുക്കുന്നു. മരണമടയാത്തവയെ അവയുടെ നിദ്രാവേളയിലും (പിടിച്ചെടുക്കുന്നു) എന്നിട്ട് ഏതൊന്നിനെ സംബന്ധിച്ച് അവൻ മരണം വിധിച്ചുവോ, അതിനെ അവൻ പിടിച്ചു നിർത്തുന്നു. മറ്റേതിനെ ഒരു നിശ്ചിത അവധിവരെ അവൻ വിട്ടയയ്ക്കുകയും ചെയ്യുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ ദൃഷ്ടാന്തങ്ങളു്, (39: 43)

## ഹസ്രത്ത് ഈസ (അ) യെ ശരീരത്തോടുകൂടി ആകാശത്തിലേക്ക് ഉയർത്തിയിട്ടില്ല.

وَيُكَلِّمُ النَّاسَ فِي الْمَهْدِ وَكَهْلًا وَمِنَ الصَّالِحِينَ ﴿٤٦﴾

അദ്ദേഹം തൊട്ടിലിൽ വച്ചും (ചെറുപ്രായത്തിൽ) മധ്യവയസനായിരിക്കുമ്പോഴും ജനങ്ങളോട് സംസാരിക്കും; സദ്‌വൃത്തരിൽ പെട്ടവനുമായിരിക്കും. (3:47)

وَمَا أَرْسَلْنَا مِن قَبْلِكَ إِلَّا رِجَالًا نُّوحِي إِلَيْهِمْ ۚ فَاسْأَلُوا أَهْلَ الذِّكْرِ
إِن كُنتُمْ لَا تَعْلَمُونَ ﴿٤٣﴾

നിനക്ക് മുമ്പ് ദിവ്യസന്ദേശങ്ങൾ നല്കികൊ് ചില പുരുഷന്മാരെയല്ലാതെ നാം ദൂതന്മാരായി അയച്ചിട്ടില്ല. അതിനാൽ നിങ്ങൾക്കറിയില്ലെങ്കിൽ വേദജ്ഞാനമുള്ളവരോട് ചോദിച്ചുനോക്കുക. (16: 44)

أَوْ يَكُونَ لَكَ بَيْتٌ مِّن زُخْرُفٍ أَوْ تَرْقَىٰ فِي السَّمَاءِ وَلَن نُّؤْمِنَ لِرُقِيِّكَ
حَتَّىٰ تُنَزِّلَ عَلَيْنَا كِتَابًا نَّقْرَؤُهُ ۗ قُلْ سُبْحَانَ رَبِّي هَلْ كُنتُ إِلَّا بَشَرًا
رَّسُولًا ﴿٩٣﴾

അല്ലെങ്കിൽ നിനക്ക് സ്വർണ്ണം കൊുള്ള ഒരു ഭവനമുായിരിക്കുക, അല്ലെങ്കിൽ നീ ആകാശത്തേക്ക് കയറിപ്പോവുക. (അങ്ങനെ) ഞങ്ങൾ വായിക്കുന്ന ഒരു പുസ്തകം ഞങ്ങൾക്ക് നീ ഇറക്കിക്കൊുവരുന്നതുവരേയും നിന്റെ ആരോഹണത്തെ ഞങ്ങൾ വിശ്വസിക്കുകയേയില്ല, പറയുക, എന്റെ നാഥൻ പരിശുദ്ധനാണ്. ഞാൻ ഒരു ദൂതനായ മനുഷ്യൻ മാത്രമാണ്. (17:94)

وَمَا مَنَعَ النَّاسَ أَن يُؤْمِنُوا إِذْ جَاءَهُمُ الْهُدَىٰ إِلَّا أَن قَالُوا أَبَعَثَ اللَّهُ
بَشَرًا رَّسُولًا ﴿٩٤﴾

മനുഷ്യർക്ക് സന്മാർഗ്ഗം വന്നുകിട്ടിയപ്പോൾ 'എന്ത്! അല്ലാഹു ഒരു മനുഷ്യനെ ദൈവദൂതനായി അയച്ചുവോ?' എന്ന് അവർ ചോദിക്കുന്നുവെന്നതല്ലാതെ അത് വിശ്വസിക്കുന്നതിന് അവരെ തടഞ്ഞിട്ടില്ല. (17: 95)

قُل لَّوْ كَانَ فِي الْأَرْضِ مَلَائِكَةٌ يَمْشُونَ مُطْمَئِنِّينَ لَنَزَّلْنَا عَلَيْهِم مِّنَ
السَّمَاءِ مَلَكًا رَّسُولًا ﴿٩٥﴾

പറയുക, " ഭൂമിയിൽ ശാന്തരായി നടക്കുന്ന മലക്കുകൾ ഉായിരുന്നെങ്കിൽ നാം അവർക്ക് ആകാശത്തിൽ നിന്ന് ഒരു മലക്കിനെ ദൂതനായി ഇറക്കുമായിരുന്നു" (17 : 96)

يَٰيَحۡيَىٰ خُذِ ٱلۡكِتَٰبَ بِقُوَّةٖۖ وَءَاتَيۡنَٰهُ ٱلۡحُكۡمَ صَبِيّٗا ﴿١٢﴾

(സുവിശേഷ മനുസരിച്ച് ജനിച്ച സുതൻ പക്വ പ്രായമെത്തിയപ്പോൾ നാം അവനോട് പറഞ്ഞു) ഓ, യഹ്യാ (ദൈവീക) ഗ്രന്ഥം മുറുകെപിടിക്കുക നാം അദ്ദേഹത്തിന് ചെറുപ്രായത്തൽ തന്നെ വിവേകജ്ഞാനം നല്കിയിരുന്നു. (19:13)

وَحَنَانٗا مِّن لَّدُنَّا وَزَكَوٰةٗۖ وَكَانَ تَقِيّٗا ﴿١٣﴾

നമ്മുടെ പക്കൽ നിന്നുള്ള ആർദ്രതയും പരിശുദ്ധിയും നാം അദ്ദേഹത്തിന് നല്കി. അദ്ദേഹം ദൈവ ഭക്തനായിരുന്നു.. (19: 14)

وَبَرَّۢا بِوَٰلِدَيۡهِ وَلَمۡ يَكُن جَبَّارًا عَصِيّٗا ﴿١٤﴾

അദ്ദേഹം തന്റെ മാതാപിതാക്കന്മാരോട് നന്നായി പെരുമാറുന്നവനും (ആയിരുന്നു) അദ്ദേഹം അനുസരണയില്ലാത്ത ധിക്കാരി ആയിരുന്നില്ല. (19:15)

وَسَلَٰمٌ عَلَيۡهِ يَوۡمَ وُلِدَ وَيَوۡمَ يَمُوتُ وَيَوۡمَ يُبۡعَثُ حَيّٗا ﴿١٥﴾

അദ്ദേഹം ജനിച്ചദിവസവും മരണദിവസവും പുനരുത്ഥാനം ചെയ്യപ്പെടുന്ന ദിവസവും അദ്ദേഹ ത്തിന് ശാന്തിയും സമാധാവും (19:16)

فَأَشَارَتۡ إِلَيۡهِۖ قَالُواْ كَيۡفَ نُكَلِّمُ مَن كَانَ فِي ٱلۡمَهۡدِ صَبِيّٗا ﴿٢٩﴾

അപ്പോൾ അവർ അതിന്റെ (കുട്ടിയുടെ) നേരെ ആംഗ്യം കാണിച്ചു. ജനങ്ങൾ പറഞ്ഞു. (ഇന്നലെ വരെ) തൊട്ടിലിൽ കുട്ടിയായിരുന്നവനോട് ഞങ്ങൾ എങ്ങനെ സംസാരിക്കും (19:30)

قَالَ إِنِّي عَبۡدُ ٱللَّهِ ءَاتَىٰنِيَ ٱلۡكِتَٰبَ وَجَعَلَنِي نَبِيّٗا ﴿٣٠﴾

അദ്ദേഹം (ഈസ്ബ്നുമറിയം) പറഞ്ഞു “ നിശ്ചയമായും ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. എനിക്കവൻ ഗ്രന്ഥം നല്കുകയും എന്നെ നബിയാക്കുകയും ചെയ്തിരിക്കുന്നു. (19 :31)

وَجَعَلَنِي مُبَارَكًا أَيۡنَ مَا كُنتُ وَأَوۡصَٰنِي بِٱلصَّلَوٰةِ وَٱلزَّكَوٰةِ مَا دُمۡتُ حَيّٗا ﴿٣١﴾

ഞാൻ എവിടെയായിരുന്നെങ്കിലും അവൻ എന്നെ അനുഗ്രഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവി ച്ചിരുന്ന കാലമത്രയും നമസ്ക്കരിക്കുവാനും സക്കാത്ത് കൊടുക്കുവാനും അവൻ എനിക്ക് താക്കീത് നല്കി യിരിക്കുന്നു. (19: 32)

وَبَرَّۢا بِوَٰلِدَتِي وَلَمۡ يَجۡعَلۡنِي جَبَّارٗا شَقِيّٗا ﴿٣٢﴾

അവൻ എന്നെ എന്റെ മാതാവിനോട് നന്നായിപെരുമാറുന്നവനും (ആയിരിക്കുന്നു) അവൻ എന്നെ ദുർഭഗനായ ധിക്കാരിയാക്കിയിട്ടില്ല. (19: 33)

وَٱلسَّلَٰمُ عَلَيَّ يَوۡمَ وُلِدتُّ وَيَوۡمَ أَمُوتُ وَيَوۡمَ أُبۡعَثُ حَيّٗا ﴿٣٣﴾

ഞാൻ ജനിച്ച ദിവസവും ഞാൻ മരിക്കുന്ന ദിവസവും പുനരുത്ഥാനം ചെയ്യപ്പെടുന്ന ദിവസവും എന്റെ മേൽ സമാധാനം (19: 34)

وَمَآ أَرۡسَلۡنَا قَبۡلَكَ إِلَّا رِجَالٗا نُّوحِيٓ إِلَيۡهِمۡۖ فَسۡـَٔلُوٓاْ أَهۡلَ ٱلذِّكۡرِ
إِن كُنتُمۡ لَا تَعۡلَمُونَ ﴿٧﴾

നിനക്ക് മുമ്പും പുരുഷന്മാരെയല്ലാതെ നാം ദൂതന്മാരായി അയച്ചിട്ടില്ല. അതുകൊ് (നിഷേധികളെ) നിങ്ങൾ ഇക്കാര്യം അറിയാത്തവരാണെങ്കിൽ (പൂർവ്വ) വേദക്കരോട് ചോദിക്കുക. (21:8)

وَمَا جَعَلْنَٰهُمْ جَسَدًا لَّا يَأْكُلُونَ ٱلطَّعَامَ وَمَا كَانُوا۟ خَٰلِدِينَ ﴿٨﴾

നാം അവരെ ഭക്ഷണം കഴിക്കാത്ത ശരീരങ്ങളാക്കിയിട്ടില്ല. അവര്‍ ചിരകാലം ജീവിക്കുന്നവര്‍ ആയിരുന്നതുമില്ല (21: 9)

وَقَالُوا۟ مَالِ هَٰذَا ٱلرَّسُولِ يَأْكُلُ ٱلطَّعَامَ وَيَمْشِى فِى ٱلْأَسْوَاقِ ۙ لَوْلَآ أُنزِلَ إِلَيْهِ مَلَكٌ فَيَكُونَ مَعَهُۥ نَذِيرًا ﴿٧﴾

(ചിലപ്പോള്‍) അവര്‍ പറയുന്നു, ഈ ദൂതന് എന്തുപറ്റി? ഇവന്‍ ഭക്ഷണം കഴിക്കുകയും അങ്ങാടിയില്‍ നടക്കുകയും ചെയ്യുന്നു. ഇവന്റെ അടുക്കലേക്ക് ഒരു മലക്ക് ഇറക്കപ്പെടാത്തതെന്തെ? എങ്കില്‍ ആ മലക്ക് അവന്റെകൂടെ താക്കീതുകാരനാവുമല്ലോ? (25: 8)

وَمَآ أَرْسَلْنَا قَبْلَكَ مِنَ ٱلْمُرْسَلِينَ إِلَّآ إِنَّهُمْ لَيَأْكُلُونَ ٱلطَّعَامَ وَيَمْشُونَ فِى ٱلْأَسْوَاقِ ۗ وَجَعَلْنَا بَعْضَكُمْ لِبَعْضٍ فِتْنَةً أَتَصْبِرُونَ ۗ وَكَانَ رَبُّكَ بَصِيرًا ﴿٢٠﴾

നിനക്ക് മുമ്പ് ദൂതന്മാരില്‍ ആരേയും ഭക്ഷണം കഴിക്കുകയോ അങ്ങാടിയില്‍ നടക്കുകയോ ചെയ്യുന്നവരായിട്ടല്ലാതെ നാം നിയോഗിച്ചിട്ടില്ല. നിങ്ങളില്‍ ചിലരെ ചിലര്‍ക്ക് നാം ഒരു പരീക്ഷണമായി വച്ചിരിക്കുന്നു. നിങ്ങള്‍ സഹനം കൈകൊള്ളുന്നുവോ (എന്ന് പരിശോധിച്ചുനോക്കുന്നതിനായി) നിന്റെ നാഥന്‍ എല്ലാം കാണുന്നവനാകുന്നു. (25: 21)

**ഹസ്രത്ത് ഈസ (അ) കുരിശില്‍ മരിച്ചില്ല. അദ്ദേഹം ദീര്‍ഘകാലം ജീവിച്ചിരുന്നു. അദ്ദേഹം വിവാഹം കഴിച്ചു. അദ്ദേഹത്തിന് കുട്ടികളു ാ യിരുന്നു. അദ്ദേഹം പ്രകൃതിദത്തമായ നിലയില്‍ മരണപ്പെടുകയും ചെയ്തു.**

إِذْ قَالَ ٱللَّهُ يَٰعِيسَىٰٓ إِنِّى مُتَوَفِّيكَ وَرَافِعُكَ إِلَىَّ وَمُطَهِّرُكَ مِنَ ٱلَّذِينَ كَفَرُوا۟ وَجَاعِلُ ٱلَّذِينَ ٱتَّبَعُوكَ فَوْقَ ٱلَّذِينَ كَفَرُوٓا۟ إِلَىٰ يَوْمِ ٱلْقِيَٰمَةِ ۖ ثُمَّ إِلَىَّ مَرْجِعُكُمْ فَأَحْكُمُ بَيْنَكُمْ فِيمَا كُنتُمْ فِيهِ تَخْتَلِفُونَ ﴿٥٥﴾

അല്ലാഹു പറഞ്ഞ സന്ദര്‍ഭം (ഓര്‍ക്കുക) അല്ലയോ ഈസ, ഞാന്‍ നിന്നെ (പ്രകൃതിസഹജമായ നിലയില്‍) മരിപ്പിക്കുകയും എങ്കലേക്ക് ഉയര്‍ത്തുകയും അവിശ്വാസികളുടെ ആരോപണങ്ങളില്‍ നിന്ന് നിന്നെ പരിശുദ്ധനാക്കുകയും നിന്നെ പിന്തുടരുന്നവരെ പുനരുത്ഥാന നാള്‍വരേയും നിഷേധിച്ചവര്‍ക്കുപരിയായ നിലയില്‍ ആക്കുകയും ചെയ്യും. പിന്നീട് നിങ്ങളുടെ മടക്കം എന്നിലേക്കായിരിക്കും. അപ്പോള്‍ നിങ്ങള്‍ ഭിന്നിച്ചുകൊിരുന്ന കാര്യങ്ങളില്‍ ഞാന്‍ തീര്‍പ്പുാക്കുന്നതാണ്. (3: 56)

وَقَوْلِهِمْ إِنَّا قَتَلْنَا ٱلْمَسِيحَ عِيسَى ٱبْنَ مَرْيَمَ رَسُولَ ٱللَّهِ وَمَا قَتَلُوهُ وَمَا صَلَبُوهُ وَلَٰكِن شُبِّهَ لَهُمْ ۚ وَإِنَّ ٱلَّذِينَ ٱخْتَلَفُوا۟ فِيهِ لَفِى شَكٍّ مِّنْهُ ۚ مَا لَهُم بِهِۦ مِنْ عِلْمٍ إِلَّا ٱتِّبَاعَ ٱلظَّنِّ ۚ وَمَا قَتَلُوهُ يَقِينًۢا ﴿١٥٧﴾

അല്ലാഹുവിന്റെ ദൂതനായ മസീഹ്ഈസ ബ്നുമര്‍യമിനെ തീര്‍ച്ചയായും ഞങ്ങള്‍ വധിച്ചിരിക്കുന്നു.

എന്ന് അവർ പറയുന്നതുനിമിത്തം (അവർക്ക് ശിക്ഷ ലഭിച്ചിരിക്കുന്നു) -വാസ്തവത്തിൽ അദ്ദേഹത്തെ അവർ വധിച്ചിട്ടില്ല, ക്രൂശിച്ച് കൊന്നിട്ടുമില്ല. നേരെമറിച്ച്, അദ്ദേഹം അവർക്ക് (ക്രൂശിക്കപ്പെട്ട ഒരുവനെപ്പോലെ) സദൃശീകരിക്കപ്പെടുകയാണുണ്ടായത്. തൽസംബന്ധമായി ഭിന്നാഭിപ്രായക്കാരായവർ അക്കാര്യത്തിൽ സംശയത്തിൽ തന്നെയാണ്. ഊഹത്തെ പിൻപറ്റുകയല്ലാതെ അവർക്ക് അതിനെപ്പറ്റി (വ്യക്തമായ) യാതൊരറിവുമില്ല. അവർ അദ്ദേഹത്തെ ഉറപ്പായും വധിച്ചിട്ടില്ല. (4: 158)

بَل رَّفَعَهُ اللَّهُ إِلَيْهِ ۚ وَكَانَ اللَّهُ عَزِيزًا حَكِيمًا ﴿١٥٨﴾

പ്രത്യുത, അല്ലാഹു അദ്ദേഹത്തെ തങ്കലേക്ക് ഉയർത്തുകയാണുണ്ടായത്. (അദ്ദേഹത്തിന് തന്റെ സന്നിധിയിൽ ബഹുമതിയും മേന്മയും നല്കിയിരിക്കുന്നു) അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമാകുന്നു. (4: 159)

وَلَقَدْ أَرْسَلْنَا رُسُلًا مِّن قَبْلِكَ وَجَعَلْنَا لَهُمْ أَزْوَاجًا وَذُرِّيَّةً ۚ وَمَا كَانَ لِرَسُولٍ
أَن يَأْتِيَ بِآيَةٍ إِلَّا بِإِذْنِ اللَّهِ ۗ لِكُلِّ أَجَلٍ كِتَابٌ ﴿٣٨﴾

സത്യമായും നിനക്ക് മുമ്പ് നാം പല ദൂതന്മാരേയും അയച്ചിട്ടുണ്ട്. അവർക്ക് ഭാര്യമാരേയും സന്തതികളേയും നല്കി. ഒരു ദൂതനും അല്ലാഹുവിന്റെ അനുമതികൂടാതെ ഒരു ദൃഷ്ടാന്തം കൊണ്ടുവരാനാകുകയില്ല. ഓരോകാലാവധിക്കും ഓരോ ദൈവീക വിധിയുണ്ട്. (13: 39)

وَجَعَلْنَا ابْنَ مَرْيَمَ وَأُمَّهُ آيَةً وَآوَيْنَاهُمَا إِلَىٰ رَبْوَةٍ ذَاتِ قَرَارٍ وَمَعِينٍ ﴿٥٠﴾

നാം ഇബ്നുമർയമിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഒരു അടയാളമാക്കിയിരിക്കുന്നു. നാം അവർക്ക് രുപേർക്കും നിവാസയോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നല്കി. (23: 51)

مَن كَانَ يُرِيدُ الْعِزَّةَ فَلِلَّهِ الْعِزَّةُ جَمِيعًا ۚ إِلَيْهِ يَصْعَدُ الْكَلِمُ الطَّيِّبُ وَالْعَمَلُ
الصَّالِحُ يَرْفَعُهُ ۚ وَالَّذِينَ يَمْكُرُونَ السَّيِّئَاتِ لَهُمْ عَذَابٌ شَدِيدٌ ۖ وَمَكْرُ
أُولَٰئِكَ هُوَ يَبُورُ ﴿١٠﴾

ആരെങ്കിലും അന്തസ്സുദ്ദേശിക്കുന്നുവെങ്കിൽ (അവനറിഞ്ഞിരിക്കട്ടെ) സർവ്വ അന്തസ്സും അല്ലാഹുവിനുമാത്രമുള്ളതാകുന്നു. പരിശുദ്ധ വചനങ്ങൾ അവനിലേക്കാണ് കയറിപോകുന്നത്. സൽക്കർമ്മങ്ങളെ അവൻ ഉയർത്തുകയും ചെയ്യുന്നു. ദുഷിച്ച തന്ത്രങ്ങൾ ആസുത്രണം ചെയ്യുന്നവരാരോ അവർക്ക് കഠിന ശിക്ഷ ലക്ഷിക്കുന്നതാണ്. അക്കൂട്ടരുടെ തന്ത്രം നാശമടയുകതന്നെ ചെയ്യും. (35: 11)

خَافِضَةٌ رَّافِعَةٌ ﴿٣﴾

(ആ സംഭവം ചിലരെ) താഴ്ത്തുന്നതും (ചിലരെ) ഉയർത്തുന്നതുമാണ് (56: 4)

## മുഹമ്മദ് നബി (സ.അ.)ക്കുശേഷവും പ്രവാചകന്മാർക്ക് വരാം

قُلْنَا اهْبِطُوا مِنْهَا جَمِيعًا ۖ فَإِمَّا يَأْتِيَنَّكُم مِّنِّي هُدًى فَمَن تَبِعَ هُدَايَ فَلَا
خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٣٨﴾

(അപ്പോൾ) നാം പറഞ്ഞു നിങ്ങളെല്ലാവരും അവിടെ നിന്ന് ഇറങ്ങിപ്പോകു. (ഓർക്കുക) പിന്നീട് എപ്പോഴെങ്കിലും നിങ്ങളുടെ അടുക്കൽ എന്നിൽനിന്നുള്ള മാർഗ്ഗദർശനം വരികയാണെങ്കിൽ, അപ്പോൾ ആർ എന്റെ മാർഗ്ഗദർശനത്തെ പിന്തുടരുന്നുവോ അവർക്ക് (ഭാവിയെപ്പറ്റി) യാതൊരു ഭയവുമാകുന്നതല്ല. അവർ കഴിഞ്ഞതിനെപ്പറ്റി വ്യസനിക്കുന്നതുമല്ല. (2:39)

وَمَن يُطِعِ ٱللَّهَ وَٱلرَّسُولَ فَأُو۟لَٰٓئِكَ مَعَ ٱلَّذِينَ أَنْعَمَ ٱللَّهُ عَلَيْهِم مِّنَ ٱلنَّبِيِّـۧنَ
وَٱلصِّدِّيقِينَ وَٱلشُّهَدَآءِ وَٱلصَّٰلِحِينَ ۚ وَحَسُنَ أُو۟لَٰٓئِكَ رَفِيقًا ﴿٦٩﴾

വല്ലവരും അല്ലാഹുവിനേയും ഈ ദൈവദൂതനേയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സത്വൃത്തന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രെ അവൻ. (4: 70)

إِلَّا ٱلَّذِينَ تَابُوا۟ وَأَصْلَحُوا۟ وَٱعْتَصَمُوا۟ بِٱللَّهِ وَأَخْلَصُوا۟ دِينَهُمْ
لِلَّهِ فَأُو۟لَٰٓئِكَ مَعَ ٱلْمُؤْمِنِينَ ۖ وَسَوْفَ يُؤْتِ ٱللَّهُ
ٱلْمُؤْمِنِينَ أَجْرًا عَظِيمًا ﴿١٤٦﴾

ആർ പശ്ചാത്തപിക്കുകയും സ്വയം തിരുത്തി നന്നാക്കുകയും അല്ലാഹുവിനെ മുറുകെപ്പിടിക്കുകയും അല്ലാഹുവിനോടുള്ള അവരുടെ അനുസരണത്തിൽ ആത്മാർത്ഥതകാണിക്കുകയും ചെയ്യുന്നുവോ അവർ അതിൽ ഉൾപ്പെടുകയില്ല. അക്കൂട്ടർ സത്യാവിശ്വാസികളോടൊപ്പമാകുന്നു. തീർച്ചയായും സത്യവിശ്വാസികൾക്ക് അല്ലാഹുമഹത്തായ പ്രതിഫലം നൽകുന്നതാണ്. (4:147)

يَٰبَنِىٓ ءَادَمَ إِمَّا يَأْتِيَنَّكُمْ رُسُلٌ مِّنكُمْ يَقُصُّونَ عَلَيْكُمْ
ءَايَٰتِى ۙ فَمَنِ ٱتَّقَىٰ وَأَصْلَحَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٣٥﴾

ആദം സന്തതികളെ! എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്ന നിങ്ങളിൽ നിന്നുള്ള ദൂതന്മാർ നിങ്ങളുടെയടുക്കൽ വരുന്നതായാൽ (അപ്പോൾ) ആർ സൂഷ്മത കൈകൊള്ളുകയും സ്വയം നന്നാക്കി തീർക്കുകയും ചെയ്യുന്നുവോ, അവർക്ക് (വരാനിരിക്കുന്നതിനെ സംബന്ധിച്ച്) യാതൊരു ഭയവുമുായിരിക്കുകയില്ല. (കഴിഞ്ഞതിനെ സംബന്ധിച്ച്) അവർ വ്യസനിക്കുകയുമില്ല. (7: 36)

مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ ۗ
وَكَانَ ٱللَّهُ بِكُلِّ شَىْءٍ عَلِيمًا ﴿٤٠﴾

മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റേയും പിതാവല്ല, പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും എല്ലാ പ്രവാചകന്മാരുടേയും മുദ്രയുമാകുന്നു. അല്ലാഹു എല്ലാകാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിയുന്നവനാകുന്നു. (33: 41)

وَلَقَدْ جَآءَكُمْ يُوسُفُ مِن قَبْلُ بِٱلْبَيِّنَٰتِ فَمَا زِلْتُمْ فِى شَكٍّ
مِّمَّا جَآءَكُم بِهِۦ ۖ حَتَّىٰٓ إِذَا هَلَكَ قُلْتُمْ لَن يَبْعَثَ ٱللَّهُ مِنۢ بَعْدِهِۦ
رَسُولًا ۚ كَذَٰلِكَ يُضِلُّ ٱللَّهُ مَنْ هُوَ مُسْرِفٌ مُّرْتَابٌ ﴿٣٤﴾

" മുമ്പേ യൂസുഫ് നിങ്ങളുടെയടുക്കൽ വ്യക്തമായ തെളിവുകളുമായി വന്നിട്ടുായിരുന്നു. പക്ഷേ, അദ്ദേഹം നിങ്ങൾക്കുകൊുവന്നിരിക്കുന്നതിനെ സംബന്ധിച്ച് നിങ്ങൾ സംശയത്തിലായിക്കൊിരുന്നു. അങ്ങനെ അദ്ദേഹം മരിച്ചപ്പോൾ നിങ്ങൾ പറഞ്ഞു. അല്ലാഹു അദ്ദേഹത്തിന് ശേഷം ഒരിക്കലും ഒരു ദൂതനേയും അയക്കുകയില്ല. ഇപ്രകാരം അതിരുകവിഞ്ഞ് പ്രവർത്തിക്കുന്നവരും സംശയാലുക്കളും വഴിപിഴച്ചവരാണെന്ന് അല്ലാഹു തീരുമാനിക്കുന്നു. (40: 35)

وَٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرُسُلِهِۦٓ أُو۟لَٰٓئِكَ هُمُ ٱلصِّدِّيقُونَ ۖ وَٱلشُّهَدَآءُ
عِندَ رَبِّهِمْ لَهُمْ أَجْرُهُمْ وَنُورُهُمْ ۖ وَٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟
بِـَٔايَٰتِنَآ أُو۟لَٰٓئِكَ أَصْحَٰبُ ٱلْجَحِيمِ ﴿١٩﴾

അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നവരാരോ അവർ തങ്ങളുടെ നാഥന്റെ ദൃഷ്ടിയിൽ സത്യസന്ധരും (സിദ്ദീഖ്) സത്യത്തിന് സാക്ഷ്യം വഹിക്കുന്നവരും (ശുഹദാഅ്) ആകുന്നു. അവർക്ക് അവരുടെ പ്രതിഫലവും അവരുടെ പ്രകാശവും ലഭിക്കും. എന്നാൽ അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും ചെയ്തവരാകട്ടെ, അവർ നരകാവകാശികളത്രെ (57:20)

وَأَنَّهُمْ ظَنُّوا كَمَا ظَنَنتُمْ أَن لَّن يَبْعَثَ اللَّهُ أَحَدًا ﴿٧﴾

നിങ്ങൾ ധരിക്കുന്നതുപോലെ അല്ലാഹു ഒരിക്കലും ഒരു ദൂതനേയും നിയോഗിക്കുകയില്ലെന്ന് അവരും (ജിന്നുകളും) ധരിച്ചിരുന്നു. (72:8)

إِنَّ شَانِئَكَ هُوَ الْأَبْتَرُ ﴿٣﴾

നിശ്ചയമായും നിന്റെ ശത്രുവാണ് സന്താനരഹിതൻ (108:4)

(ശത്രു ആരാണ്? അല്ലാഹു ഒരാളെ തന്റെ ദൂതനായി, ദൈവീകാനുഗ്രഹവുമായി അയയ്ക്കുമ്പോൾ എതിർക്കുന്നവനാണ് ശത്രു)

## ഹസ്രത്ത് ഈസ (അ) വഫാത്തായി എന്നതിന് വിശുദ്ധ ഖുർആനിൽ നിന്നുള്ള തെളിവുകൾ

### പ്രകൃതി നിയമമനുസരിച്ച് മനുഷ്യന് ഭൗതീക ശരീരത്തോടെ ആകാശത്തിലേക്ക് കയറിപോകാൻ സാധിക്കുകയില്ല. (ബി)

തെളിവ് 1 (7: 26)

قَالَ فِيهَا تَحْيَوْنَ وَفِيهَا تَمُوتُونَ وَمِنْهَا تُخْرَجُونَ ﴿٢٥﴾

ദൈവം മനുഷ്യനെ അഭിസംബോധന ചെയ്യുന്നു.

"അവൻ പറഞ്ഞു, അതിൽ (ഭൂമിയിൽ) തന്നെ നിങ്ങൾ ജീവിക്കും അതിൽ തന്നെ നിങ്ങൾ മരിക്കുകയും ചെയ്യും. അതിൽ നിന്നുതന്നെ നിങ്ങൾ എഴുന്നേല്പ്പിക്കപ്പെടുകയും ചെയ്യും.

തെളിവ് 2 (77: 26.27)

أَلَمْ نَجْعَلِ الْأَرْضَ كِفَاتًا ﴿٢٥﴾ أَحْيَاءً وَأَمْوَاتًا ﴿٢٦﴾

നാം ഭൂമിയെ, ജീവനുള്ളവരേയും, നിർജീവരേയും (തന്നിലേക്ക്) കുട്ടിപ്പിടിക്കുന്നതാക്കിയില്ലയോ?

തെളിവ് 3 (17: 94)

أَوْ يَكُونَ لَكَ بَيْتٌ مِّن زُخْرُفٍ أَوْ تَرْقَىٰ فِي السَّمَاءِ وَلَن نُّؤْمِنَ لِرُقِيِّكَ
حَتَّىٰ تُنَزِّلَ عَلَيْنَا كِتَابًا نَّقْرَؤُهُ ۗ قُلْ سُبْحَانَ رَبِّي هَلْ كُنتُ إِلَّا بَشَرًا
رَّسُولًا ﴿٩٣﴾

(ആകാശത്തിലേക്ക് കയറിപ്പോയി അവിടെനിന്നൊരു) ഗ്രന്ഥവുമായി ഇറങ്ങിവരാൻ മക്കയിലെ അവിശ്വാസികൾ മുഹമ്മദ് നബി (സ.അ.) യോട് ആവശ്യപ്പെടുന്നു. അല്ലെങ്കിൽ നിനക്ക് സ്വർണ്ണം കൊുള്ള ഒരു ഭവനമുായിരിക്കുക, അല്ലെങ്കിൽ നീ ആകാശത്തേക്ക് കയറിപ്പോവുക, (അങ്ങനെ) ഞങ്ങൾ വായിക്കുന്ന ഒരു പുസ്തകം ഞങ്ങൾക്ക് നീ ഇറക്കികൊു വരുന്നതുവരേയും നിന്റെ ആരോഹണത്തെ ഞങ്ങൾ വിശ്വസിക്കുകയില്ല. പറയുക, എന്റെ നാഥൻ പരിശുദ്ധനാണ്. ഞാനൊരു ദൂതനായ മനുഷ്യൻ മാത്രമാണ്.

## അല്ലാഹു ഒഴികെയുള്ള എല്ലാവർക്കും മരണം അനിവാര്യമാണ്, യാഥാർത്ഥ്യപൂർണ്ണവുമാണ്.

തെളിവ് 4 (32:12)

۞ قُلْ يَتَوَفَّاكُم مَّلَكُ الْمَوْتِ الَّذِي وُكِّلَ بِكُمْ ثُمَّ إِلَىٰ رَبِّكُمْ تُرْجَعُونَ ﴿١١﴾

പറയുക, നിങ്ങളുടെ കാര്യം ഭാരമേൽപ്പിക്കപ്പെട്ടിരിക്കുന്ന മരണത്തിന്റെ മലക്ക് നിങ്ങളുടെ ജീവനെ പിടിച്ചെടക്കും. പിന്നീട് നിങ്ങളുടെ നാഥനിലേക്ക് നിങ്ങൾ തിരിച്ചുകൊുപോകപ്പെടുകയും ചെയ്യും

തെളിവ് 5 (16: 71)

## ഭൂമിയിൽ മനുഷ്യന് അനന്തമായി ജീവിക്കുവാൻ സാധ്യമല്ല

وَاللَّهُ خَلَقَكُمْ ثُمَّ يَتَوَفَّاكُمْ ۚ وَمِنكُم مَّن يُرَدُّ إِلَىٰ أَرْذَلِ الْعُمُرِ لِكَيْ لَا
يَعْلَمَ بَعْدَ عِلْمٍ شَيْئًا ۚ إِنَّ اللَّهَ عَلِيمٌ قَدِيرٌ ﴿٧٠﴾

“ അല്ലാഹുവാണ് നിങ്ങളെ സൃഷ്ടിച്ചത്, പിന്നെ അവൻ നിങ്ങളെ മരിപ്പിക്കുന്നു. അറിവ് കൈവന്ന ശേഷം ഒന്നും അറിയാതിരിക്കുമാറ് ആയുസ്സിന്റെ ഏറ്റവും താഴ്ന്നപടിയിലേക്ക് (പടുവാർദ്ധക്യത്തിലേക്ക്) തള്ളിവിടപ്പെടുന്നവരും നിങ്ങളിലു്. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും സർവ്വശക്തനുമാകുന്നു” (22:6)

يَا أَيُّهَا النَّاسُ إِن كُنتُمْ فِي رَيْبٍ مِّنَ الْبَعْثِ فَإِنَّا خَلَقْنَاكُم مِّن تُرَابٍ ثُمَّ
مِن نُّطْفَةٍ ثُمَّ مِنْ عَلَقَةٍ ثُمَّ مِن مُّضْغَةٍ مُّخَلَّقَةٍ وَغَيْرِ مُخَلَّقَةٍ لِّنُبَيِّنَ لَكُمْ ۚ
وَنُقِرُّ فِي الْأَرْحَامِ مَا نَشَاءُ إِلَىٰ أَجَلٍ مُّسَمًّى ثُمَّ نُخْرِجُكُمْ طِفْلًا
ثُمَّ لِتَبْلُغُوا أَشُدَّكُمْ ۖ وَمِنكُم مَّن يُتَوَفَّىٰ وَمِنكُم مَّن يُرَدُّ إِلَىٰ أَرْذَلِ
الْعُمُرِ لِكَيْلَا يَعْلَمَ مِن بَعْدِ عِلْمٍ شَيْئًا ۚ وَتَرَى الْأَرْضَ هَامِدَةً فَإِذَا
أَنزَلْنَا عَلَيْهَا الْمَاءَ اهْتَزَّتْ وَرَبَتْ وَأَنبَتَتْ مِن كُلِّ زَوْجٍ بَهِيجٍ ﴿٥﴾

അല്ലയോ മനുഷ്യരെ, നിങ്ങൾ പുനരുത്ഥാനത്തെപ്പറ്റി സംശയത്തിലാണെങ്കിൽ (ഓർമിക്കുക) തീർച്ചയായും നിങ്ങളെ (ആദ്യമായി) മണ്ണിൽ നിന്നും പിന്നീട് രേതസ്ക്കണത്തിൽ നിന്നും പിന്നീട് (അതിനുപുരോഗതി നല്കികൊ്) ഒട്ടിപ്പിടിക്കുന്ന ഒരു വസ്തുവിൽ നിന്നും പിന്നീട് രൂപം പൂതും അല്ലാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും നാം സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾക്ക് യാഥാർത്ഥ്യം വെളിപ്പെടുത്താൻ വേിയാണ് (ഇത് വിവരിച്ചിട്ടുള്ളത്) നാം ഉദ്ദേശിക്കുന്ന വസ്തുവിനെ ഒരു നിശ്ചിത അവധിവരെ ഗർഭാശയങ്ങളിൽ നാം നിലനിർത്തുന്നു. പിന്നെ നിങ്ങളെ നാം ശിശുക്കളായി പുറത്തുകൊു വരുന്നു. (പിന്നെ നിങ്ങളെ നാം വളർത്തുന്നു) തൽഫലമായി നിങ്ങൾ പക്വപ്രായം പ്രാപിക്കുന്നു. (പ്രായപൂർത്തിക്ക് മുമ്പ്) മരണപ്പെടുന്ന ചിലർ നിങ്ങളിലു്. വാർദ്ധക്യത്തിന്റെ പരമസീമയിലേക്ക് തിരിച്ചുവിടപ്പെടുന്ന ചിലരും നിങ്ങളിലു്. തൽഫലമായി അവർ അറിവുായിരുന്നതിന് ശേഷം ഒന്നും അറിയാത്തവരായി തീരുന്നു. ഭൂമി (ചിലപ്പോൾ) വരു നീർവ്വീര്യമായി കിടക്കുന്നത് നീ കാണുന്നു. പിന്നീട് അതിന്മേൽ നാം വെള്ളമിറക്കിയാൽ അത് ഇളകുകയും വളരുകയും ചെയ്യുന്നു. എല്ലാ ഇനങ്ങളിലുംപെട്ട മനോഹരമായ സസ്യങ്ങളെ അത് മുളപ്പിക്കുകയും ചെയ്യുന്നു.

തെളിവ് –6 (36: 69)

وَمَن نُّعَمِّرْهُ نُنَكِّسْهُ فِى ٱلْخَلْقِ ۖ أَفَلَا يَعْقِلُونَ ﴿٦٨﴾

വല്ലവനും നാം ദീർഘായുസ്സ് നൽകുന്നായാൽ നാംഅവനെ പ്രകൃതിയിൽ കീഴ്മേൽ മറിക്കുന്നു, അപ്പോൾ അവർ ചിന്തിച്ചുമനസ്സിലാക്കുന്നില്ലേ?

തെളിവ് : 7 (21 : 35)

وَمَا جَعَلْنَا لِبَشَرٍ مِّن قَبْلِكَ ٱلْخُلْدَ ۖ أَفَإِي۟ن مِّتَّ فَهُمُ ٱلْخَٰلِدُونَ ﴿٣٤﴾

നിനക്ക് മുമ്പ് നാം ഒരു മനുഷ്യനും ചിരകലായുസ്സ് നല്കിയിട്ടില്ല എന്നിരിക്കെ നീ മരിച്ചാൽ അവരാണോ ചിരഞ്ജീവികൾ ?

(21: 36)

كُلُّ نَفْسٍ ذَآئِقَةُ ٱلْمَوْتِ ۗ وَنَبْلُوكُم بِٱلشَّرِّ وَٱلْخَيْرِ فِتْنَةً ۖ وَإِلَيْنَا تُرْجَعُونَ ﴿٣٥﴾

എല്ലാ ഓരോ ആത്മാവും മരണത്തെ രുചിക്കുന്നതാണ്. തിന്മകൊും നന്മകൊും നാം നിങ്ങളെ പരീക്ഷിക്കുന്നു. നമ്മുടെ അടുക്കലേക്ക് തന്നെ നിങ്ങളെ തിരിച്ചുകൊു വരുന്നതുമാണ്.

## മരണശേഷം മനുഷ്യന് ഭൂമിയിലേക്ക് മടങ്ങിവരാൻ കഴിയില്ല.

തെളിവ് : 8 (21: 96)

وَحَرَٰمٌ عَلَىٰ قَرْيَةٍ أَهْلَكْنَٰهَآ أَنَّهُمْ لَا يَرْجِعُونَ ﴿٩٥﴾

നാം നശിപ്പിച്ചുകഴിഞ്ഞ ഒരു നാടിനെ സംബന്ധിച്ചുള്ള നമ്മുടെ ഖണ്ഡിതമായ തീരുമാനമാണ്. തീർച്ചയായും അവർ (ആ നാട്ടുകാർ) തിരിച്ചുവരികയില്ല എന്നുള്ളത്.

തെളിവ് 9– (36: 32)

أَلَمْ يَرَوْا۟ كَمْ أَهْلَكْنَا قَبْلَهُم مِّنَ ٱلْقُرُونِ أَنَّهُمْ إِلَيْهِمْ لَا يَرْجِعُونَ ﴿٣١﴾

ഇവർ കിട്ടില്ലേ ? ഇവർക്ക് മുമ്പ് എത്രതലമുറകളയാണ് നാം നശിപ്പിച്ചത്. അവർ ഇവരിലേക്ക് മടങ്ങി വരുന്നില്ല.

തെളിവ് 10 – (23: 100)

حَتَّىٰٓ إِذَا جَآءَ أَحَدَهُمُ ٱلْمَوْتُ قَالَ رَبِّ ٱرْجِعُونِ ﴿٩٩﴾

അങ്ങനെ അവരിലൊരാൾക്ക് മരണം വന്നെത്തിയാൽ അയാൾ ആവർത്തിച്ചു പറയും, ‘ എന്റെ നാഥാ! എന്നെ നീ പിന്നോട്ട് മടക്കി അയയ്ക്കേണമെ”

(23:101)

لَعَلِّىٓ أَعْمَلُ صَٰلِحًا فِيمَا تَرَكْتُ ۚ كَلَّآ ۚ إِنَّهَا كَلِمَةٌ هُوَ قَآئِلُهَا ۖ وَمِن وَرَآئِهِم
بَرْزَخٌ إِلَىٰ يَوْمِ يُبْعَثُونَ ﴿١٠٠﴾

ഞങ്ങൾ വിട്ടുപോകുന്ന ലോകത്ത് (ഭൗതിക ലോകത്ത് ) വച്ച് സൽക്കർമ്മങ്ങൾ ചെയ്യാൻ വേ (അല്ലാഹു പറയും) ഒരിക്കലുമില്ല ഇത് അവൻ പറയുന്ന ഒരു വെറും വാക്കാണ്. അവർ പുനരുത്ഥാനം ചെയ്യപ്പെടുന്നതുവരെ അവരുടെ പിന്നിൽ ഒരു മറയ്.

തെളിവ് 11 – (39: 43)

ٱللَّهُ يَتَوَفَّى ٱلْأَنفُسَ حِينَ مَوْتِهَا وَٱلَّتِى لَمْ تَمُتْ فِى مَنَامِهَا ۖ
فَيُمْسِكُ ٱلَّتِى قَضَىٰ عَلَيْهَا ٱلْمَوْتَ وَيُرْسِلُ ٱلْأُخْرَىٰٓ إِلَىٰٓ أَجَلٍ مُّسَمًّى ۚ
إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٤٢﴾

അല്ലാഹു മനുഷ്യാത്മാക്കളെ അവരുടെ മരണസമയത്ത് പിടിച്ചെടുക്കുന്നു. മരണമടയാത്തവയെ അവയുടെ നിദ്രാവേളയിലും (പിടിച്ചെടുക്കുന്നു) എന്നിട്ട്, ഏതൊന്നിനെ സംബന്ധിച്ച് അവൻ മരണം വിധിച്ചുവോ, അതിനെ അവൻ പിടിച്ചു നിർത്തുന്നു. മറ്റേതിനെ ഒരു നിശ്ചിത അവധിവരെ അവൻ വിട്ടയയ്ക്കുകയും ചെയ്യുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ ദൃഷ്ടാന്തങ്ങളുു്.

തെളിവ് : 12 – "മീശ്ക്കാത്തി" ൽ നിന്നുള്ള പ്രവാചക വചനം

'ഉഹ്ദി' ലെ ആദ്യ രക്തസാക്ഷി അബ്ദുല്ലാ ഇബ്ന് ഹറാം (റ.അ) ആയിരുന്നു. തന്റെ പിതാവിന്റെ മരണത്തെ സംബന്ധിച്ച് ജാബിർ ഇബ്നു അബ്ദുല്ലാ (റ.അ) നോട് പ്രവാചക പ്രഭു അരുളി. "അല്ലാഹു (ത) താങ്കളുടെ പിതാവിനു ജീവൻ നല്കിയിരിക്കുകയാണ്. അദ്ദേഹത്തോട് അവൻ (അല്ലാഹു) മറയില്ലാതെ നേരിട്ടു സംസാരിച്ചിരിക്കുന്നു. ഒരു മറയുടെ പിന്നിൽ നിന്നാല്ലാതെ അവൻ സംസാരിച്ചിട്ടില്ല. അല്ലാഹു (ത) അദ്ദേഹത്തോട് പറഞ്ഞു. ഹേ! അബ്ദുല്ലാഹ് താങ്കൾ ഇഷ്ടപ്പെടുന്നത് ചോദിക്കുക. താങ്കൾക്ക് ഞാനതു നല്കുന്നതാണ്. അദ്ദേഹം ചോദിച്ചു. "അല്ലയോ എന്റെ നാഥാ നിന്റെ മാർഗ്ഗത്തിൽ വീും പോരാടി മരിക്കുവാൻ ഞാൻ അഗ്രഹിക്കുന്നു. അതിനാൽ എന്നെ ഭൂമിയിലേക്ക് തിരിച്ചയച്ചാലും. അല്ലാഹു (ത) പറഞ്ഞു. (മരണപ്പെട്ടവരെ) ഭൂമിയിലേക്ക് മടക്കി അയയ്ക്കുകയില്ലാ എന്ന് ഞാൻ വിധിച്ചു കഴിഞ്ഞ കാര്യമാണ്. ഇബ്നു അബ്ദുല്ലായോട് (പ്രവാചകൻ) പറഞ്ഞു. ആയതിനാൽ താങ്കൾ നമുക്ക് പിന്നിലുള്ളവരോട് ഈ വിവരം അറിയിക്കുക. അങ്ങനെ അല്ലാഹു(ത) താഴെ കാണുന്ന വചനം അവതരിപ്പിച്ചു. (3: 170 )

وَلَا تَحْسَبَنَّ ٱلَّذِينَ قُتِلُوا۟ فِى سَبِيلِ ٱللَّهِ أَمْوَٰتًۢا ۚ بَلْ أَحْيَآءٌ عِندَ
رَبِّهِمْ يُرْزَقُونَ ﴿١٦٩﴾

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവർ മരിച്ചവരാണെന്ന് നീ ഒരിക്കലും പറയരുത്. അല്ല, അവർ തങ്ങളുടെ രക്ഷിതാവിങ്കൽ ജീവിച്ചിരിപ്പുള്ളവരാണ്. അവർക്ക് ആഹാരം നല്കപ്പെടുകയും ചെയ്യുന്നു.

## പ്രവാചകന്മാരെപ്പറ്റി വശുദ്ധ ഖുർആന്റെ നിയമം

തെളിവ് 13 : (17–96)

قُل لَّوْ كَانَ فِى ٱلْأَرْضِ مَلَٰٓئِكَةٌ يَمْشُونَ مُطْمَئِنِّينَ لَنَزَّلْنَا عَلَيْهِم مِّنَ
ٱلسَّمَآءِ مَلَكًا رَّسُولًا ﴿٩٥﴾

പറയുക, ഭൂമിയിൽ ശാന്തരായി നടക്കുന്ന മലക്കുകൾ ഉായിരുന്നെങ്കിൽ നാം അവർക്ക് ആകാശത്തിൽ നിന്ന് ഒരു മലക്കിനെ ദൂതനായി ഇറക്കുമായിരുന്നു.

തെളിവ് 14 : (21: 8)

وَمَآ أَرْسَلْنَا قَبْلَكَ إِلَّا رِجَالًا نُّوحِىٓ إِلَيْهِمْ ۖ فَسْـَٔلُوٓا۟ أَهْلَ ٱلذِّكْرِ
إِن كُنتُمْ لَا تَعْلَمُونَ ﴿٧﴾

നിനക്ക് മുമ്പും പുരുഷന്മാരെയല്ലാതെ നാം ദൂതന്മാരായി അയച്ചിട്ടില്ല അതുകൊ് (നിഷേധികളെ) നിങ്ങൾ ഇക്കാര്യം അറിയാത്തവരാണെങ്കിൽ (പൂർവ്വ) വേദക്കരോട് ചോദിക്കുക.

തെളിവ് 15 – (21: 9)

وَمَا جَعَلْنَٰهُمْ جَسَدًا لَّا يَأْكُلُونَ ٱلطَّعَامَ وَمَا كَانُوا۟ خَٰلِدِينَ ﴿٨﴾

നാം അവരെ ഭക്ഷണം കഴിക്കാത്ത ശരീരങ്ങളാക്കിയിട്ടില്ല. അവർ ചിരകാലം ജീവിക്കുന്നവർ ആയിരുന്നതുമില്ല.

തെളിവ് 16 : (21: 35)

وَمَا جَعَلْنَا لِبَشَرٍ مِّن قَبْلِكَ ٱلْخُلْدَ أَفَإِيْن مِّتَّ فَهُمُ ٱلْخَٰلِدُونَ ﴿٣٤﴾

നിനക്ക് മുമ്പും നാം ഒരു മനുഷ്യനും ചിരകാലായുസ്സ് നല്കിയിട്ടില്ല. എന്നിരിക്കെ നീ മരിച്ചാൽ അവരാണോ ചിരഞ്ജിവീകൾ?

ഈസ (അ) യഥാർത്ഥത്തിൽ മരണപ്പെട്ടുപോയി എന്നും തന്റെ ഭൗതിക ശരീരത്തോടെ വീും ഒരു കാരണവശാലും ഭൂമിയിലേക്ക് വരികയില്ല എന്നും ഉള്ളതിന് വിശുദ്ധ ഖുർആനിൽ നിന്നുള്ള ജീവിക്കുന്ന തെളിവുകളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. പരമോന്നതനായ അല്ലാഹു നിശ്ചയിച്ചിട്ടുള്ള നിയമവ്യവസ്ഥ അനുസരിച്ച് ഓരോ മനുഷ്യനും മരണപ്പെടുന്നതുപോലെ മുൻകടന്ന എല്ലാ പ്രവാചകന്മാരും മരിച്ചതുപോലെ അദ്ദേഹവും മരിച്ചുപോയിരിക്കുന്നു.

മാത്രമല്ല, മറ്റ് പ്രവാചകന്മാർ, സന്ദേശവാഹകർ, ദൈവീക മനുഷ്യർ തുടങ്ങിയവർ ഖിയാമത്തുനാൾ വരെയും വന്നുകൊിരിക്കും എന്നുള്ളതിനും അത് അല്ലാഹുവിന്റെ നടപടി ക്രമമാണെന്നതിനുമുള്ള മതിയായ തെളിവുകളുമാണ്.

അല്ലാഹു (ത) വിന്റെ ഈ വചന മുത്തുകൾക്കെതിരിൽ അഭിപ്രായമുള്ളവരുങ്കിൽ ഞാൻ അവരെ രുകാര്യങ്ങളെ സംബന്ധിച്ച് വെല്ലുവിളിക്കുകയാണ്. (1) ഈസബ്നുമർയം ഭൗതിക ശരീരത്തോടെ ഈ ലോകത്തേക്ക് വരികയില്ല. (2) മുഹമ്മദ് മുസ്തഫാ (സ: അ)യ്ക്ക് ശേഷം പ്രവാചകന്മാർ ഈ ലോകത്ത് വന്നുകൊ േയിരിക്കും.

വിശുദ്ധ ഖുർ ആനെ പോലെ മറ്റൊരു നിയമപുസ്തകം, വീും വരുന്ന ഒരു പ്രവാചകനും, ഒരിക്കലും കൊുവരാൻ സാദ്ധ്യമല്ല എന്നത് ഒരു സത്യ വസ്തുതയാണ്. പരമോന്നതനായ അല്ലാഹുവിന്റെ നിർദ്ദേശ പ്രകാരം ഇപ്പോഴുള്ളതും, ഇനി വരുന്നതുമായ പ്രവാചകന്മാർ വിശുദ്ധ ഖുർ ആൻ അനുസരിച്ച് ജീവിക്കുന്നവരും, അതിന്റെ യഥാർത്ഥ വിധികൾ ജനങ്ങൾക്ക് എത്തിച്ച് കൊടുക്കുന്നവരുമായിരിക്കും ഈ പ്രവാചകരെയെല്ലാം ഇസ്ലാമിൽ എഴുന്നേൽപ്പിക്കപ്പെടുന്നത് മുഹമ്മദ് മുസ്തഫ (സ:അ)യുടെ സമുദായത്തിൽ നിന്നുമായിരിക്കും

വിശുദ്ധ ഖുർ ആന്റെ ഈ കൽപനകൾക്കെതിരിൽ വാദമുഖമുള്ളവർ രംഗത്തുവരിക; എന്നിട്ട് തെറ്റാണെന്നു തെളിയിക്കുക അല്ലാഹുവിന്റെ സഹായത്താൽ ഞാൻ അവരെ നേരിടുന്നതാണ്. പരിപാവനമായ വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) വിധിച്ചുകഴിഞ്ഞ കാര്യങ്ങൾക്കെതിൽ ഒരു മനുഷ്യനും ഒന്നും ചെയ്യാൻ സാധ്യമല്ല എന്നത് മറ്റൊരു വസ്തുതയാണ്.

പരിപാവനമായ വിശുദ്ധ ഖുർആന്റെ ഏക സംരക്ഷകനും അതിലെ അനുഗ്രഹീത അദ്ധ്യാപനങ്ങളുടെ കർത്താവും, പരമോന്നതനുമായ അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ് സർവ്വസ്തുതികളും.